# കേരള സർവകലാശാല

നം.പി.ആർ.214/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫീസ് : തീയതി നീട്ടി

കേരള സർവകലാശാലയുടെ പരീക്ഷാഫീസുകൾ നവംബർ ഒമ്പത് മുതൽ നവംബർ 16 വരെ അടയ്ക്കാൻ അവസാന തീയതികളായി നിശ്ചയിച്ചിട്ടുള്ളത് പിഴകൂടാതെ നവംബർ 19, 50 രൂപ പിഴയോടെ നവംബർ 21, 250 രൂപ പിഴയോടെ നവംബർ 22 എന്നീ തീയതികളിലായി പുന:ക്രമീകരിച്ചു.

### ബി.ബി.എ പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നവംബർ 16-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബി.ബി.എ (റഗുലർ - 2014 & സപ്ലിമെന്ററി - 2013) പരീക്ഷയ്ക്ക് തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവർ പാളയം എസ്.ഡി.ഇ-യിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. കൊല്ലം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവർ കൊല്ലം ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം. ചേർത്തല, കോട്ടയം, കണ്ണൂർ എന്നീ കേന്ദ്രങ്ങൾ ആവശ്യപ്പെട്ടവർ ചേർത്തല എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

### ഡിഗ്രി പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല നടത്തുന്ന കരിയർ റിലേറ്റഡ് രണ്ടാം സെമസ്റ്റർ (2013 അഡ്മിഷന് മുമ്പുള്ളവർക്കുള്ള) പരീക്ഷകൾ നവംബർ 18-ന് തുടങ്ങും. വിശദമായ ടൈംടേബിളും പരീക്ഷാകേന്ദ്രങ്ങളുടെ മാറ്റവും വെബ്സൈറ്റിൽ (www.keralauniversity.ac.in.) ലഭിക്കും.

### എം.ഫിൽ ഫലം

കേരള സർവകലാശാല 2015-16 ബാച്ച് രണ്ടാം സെമസ്റ്റർ എം.ഫിൽ ജിയോളജി (കാര്യവട്ടം), ഫിസിക്സ് (കാര്യവട്ടം), കെമിസ്ട്രി (കാര്യവട്ടം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in.) ലഭിക്കും.

### എം.എസ്സി ബോട്ടണി പ്രാക്ടിക്കൽ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി ബോട്ടണി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 21 മുതൽ അതത് കേന്ദ്രങ്ങളിൽ നടത്തും. വിശദവിവരം കോളേജിലും വെബ്സൈറ്റിലും (www.keralauniversity.ac.in.) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
11.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ